# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 3624 — 19/02/2013 - ൽ മറുപടിക്ക്

### ദേശീയ ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) നിർദ്ദിഷ്ട ദേശീയ ജലപാത യുടെ നീളം എത്ര കിലോമീറ്ററാണ്; | (എ) | നിർദ്ദിഷ്ട ദേശീയ ജലപാതയുടെ നീളം 205 കിലോമീറ്ററാണ്. കൊല്ലം- കോട്ടപ്പുറം ജല പാതയുടെ നീളം 168 കിലോമീറ്ററാണ്. 23 കിലോമീറ്റർ നീളമുള്ള ഉദ്യോഗമണ്ഡൽ കനാലും, 14 കിലോമീറ്റർ നീളമുള്ള ചമ്പക്കര കനാലും ദേശീയ ജലപാതയിൽ ഉൾപ്പെടുന്നു. |
| (ബി) ഇതിൽ നിലവിൽ എത്ര കിലോ മീറ്റർ ജലപാതയുണ്ട് ; | (ബി) | 205 കിലോ മീറ്റർ നീളത്തിൽ ജലപാത നിലവിലുണ്ട്. |
| (സി)പുതുതായി ക്രിയേറ്റ് ചെയ്യേണ്ടുന്ന ജലപാത എത്ര കിലോ മീറ്ററാണ്; അവ എവിടെയെല്ലാം; എത്ര കിലോമീറ്റർ വീതം; | (സി) | കേരളത്തിൽ പുതിയ ദേശീയ ജലപാതകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിലില്ലെന്നാണ് IWAI (ഇൻലാന്റ് വാട്ടർവേയ്സ് അതോരിറ്റി ഓഫ് ഇൻഡ്യ) കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം മുഖാന്തിരം അറിയിച്ചിട്ടുള്ളത്. |
| (ഡി) ദേശീയ ജലപാതയിലെ എത്ര കിലോമീറ്റർ ഭാഗത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്;<br><br>(ഇ) അവശേഷിക്കുന്ന ഭാഗം ഏതെല്ലാം; എത്ര കിലോമീറ്റർ വീതം; | (ഡി) & (ഇ) | ആകെ 205 കി.മീ ദൈർഘ്യമുള്ള ദേശീയ ജലപാത 3 ൽ തകഴിയ്ക്കും കൊല്ലത്തിനും ഇടയ്ക്കുള്ള 50 കി.മീറ്ററിൽ 10.63 കി.മീറ്ററിൽ മാത്രം വീതികൂട്ടുവാനും ആഴം കൂട്ടുവാനുമുള്ള ഡ്രഡ്ജിംഗ് പണികൾ അവശേഷിക്കുന്നു എന്ന് IWAI കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം മുഖാന്തിരം അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (എഫ്) ദേശീയ ജലപാതയിൽ നിലവിലുള്ളതും അവശേഷിക്കുന്നതും, പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടായിരുന്നുവോ;<br>(ജി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;<br>(എച്ച്) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള മൊത്തം എസ്റ്റിമേറ്റ് തുക എത്ര; | (എഫ്), (ജി) & (എച്ച്) | ദേശീയ ജലപാത പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് കൊച്ചി-കൊല്ലം ഭാഗത്ത് ഭൂമി പൊന്നുംവിലയ്ക്ക് എടുത്തതിന് തുക അനുവദിക്കുക, ഡ്രെഡ്ജിംഗ് എന്നിവയ്ക്കും മറ്റുമായി ആകെ 89.74 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI രൂപം നൽകിയിട്ടുണ്ട്. ആലപ്പുഴ മുതൽ കായംകുളം വരെയുള്ള ഭാഗത്ത് മണ്ണ് നീക്കം ചെയ്യുന്നതിനും വീതി കൂട്ടുന്നതിനും തീരം സംരക്ഷിക്കുന്നതിനും പുനരധിവാസത്തിനും മറ്റുമായി (46 കി.മീ) ആകെ 27.62 കോടി രൂപയുടെയും കായംകുളം - ഇടപ്പള്ളികോട്ട (22 കി.മീ) ഭാഗത്ത്6.96 കോടിരൂപയുടെയും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതും പണി പുരോഗമിച്ച് വരികയും ചെയ്യുന്നു. കൂടാതെ ഇടപ്പള്ളിക്കോട്ട - കൊല്ലം ഭാഗത്ത് ചവറയിൽ വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) ആയതിനാൽ ഇവിടെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും IWAI പണികൾ നടത്തി വരുന്നു. |
| (ഐ) നടപ്പുവർഷം ചെലവഴിക്കുന്ന തുക എത്ര; | (ഐ) | ദേശീയ ജലപാത-3 ന്റെ നിർമ്മാണത്തിനായി ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI-ക്ക് 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ബഡ്ജറ്റിൽ 22.48 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതിൽ 22-02-2013 വരെ 16 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| (ജെ) അവശേഷിക്കുന്ന തുക കണ്ടെത്തുന്നത് എപ്രകാരമായിരിക്കും? | (ജെ) ദേശീയ ജലപാത നിർമ്മാണത്തിനുള്ള ഫണ്ട് എല്ലാവർഷവും കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്ന് **'Grants to IWAI'** എന്ന ശീർഷകത്തിലാണ് **IWAI** യ്ക്ക് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ